877/2021

05 NOV 2021

കൊച്ചി മെട്രോ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ നടമ വില്ലേജിൽ കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് പേട്ട-തൃപ്പൂണിത്തുറ റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ ഭാഗമായി എൽ.എ.ആർ ആക്ട് 2013 പ്രകാരം പഠനം നടത്തുവാൻ 02.07.2021 തീയതിയിലെ സി 12.10.2021 നടപടി ക്രമം അനുസരിച്ച് GO(P)No.377/2016 RD ഉത്തരവ് പ്രകാരം രാജഗിരി ഔട്ട് റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് തിരഞ്ഞെടുത്തിട്ടുള്ളതാണ്. എൽ.എ.ആർ ആക്ട് ചട്ടം (II) (2) പ്രകാരമുള്ള 4(1)DVol.No.IX,3103- ൧൦ നമ്പർ ആയി 18.10.2021 തീയതിയിൽ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സെക്ഷൻ 7(5) പ്രകാരം തയ്യാറാക്കിയ വിദഗ്ദ്ധസമിതി റിപ്പോർട്ട്.

18.10.2021 തീയതിയിൽ എറണാകുളം ഡപ്യൂട്ടി കളക്ടറുടെ ഓഫീസിൽ വെച്ച് നടന്ന വിദഗ്ദ്ധ സമിതി യോഗത്തിലെ ഹാജർ.

1. സവിത ഷേണായി (വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ) (ഒപ്പ്)
2. അഡ്വ. സപ്ന രാജ് (വിദഗ്ദ്ധ സമിതി അംഗം) (ഒപ്പ്)
3. ബേബി ഒ.ജെ, തൃപ്പൂണിത്തുറ (Deputy Collector KMRL (ഒപ്പ്)
4. മഞ്ജുളാദേവി (AL.Spl.Thahasildar LA No-I)
4. ജയ പരമേശ്വരൻ കൗൺസിലർ (Ward-41) തൃപ്പൂണിത്തുറ (ഒപ്പ്)
5. ജയ പരമേശ്വരൻ, കൗൺസിലർ (Ward-41) തൃപ്പൂണിത്തുറ (ഒപ്പ്)
6. പീതാംബരൻ.പി.കെ, കൗൺസിലർ (Ward-40) തൃപ്പൂണിത്തുറ (ഒപ്പ്)

കണയന്നൂർ താലൂക്ക് നടമ വില്ലേജിൽ കൊച്ചി മെട്രോ റെയിൽ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് പേട്ട -തൃപ്പൂണിത്തുറ റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി നടമ വില്ലേജ് ബ്ലോക്ക് 213, റീസർവ്വെ 41 ൽ അധിക സ്ഥലമെടുപ്പ് ഏകദേശം 0.0018 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി ആർ, എഫ്, റ്റി എൽ.എ.ആർ ആർ ആക്ട് 2013 പ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ.എ നമ്പർ 1 ലാൻഡ് അക്വസിഷൻ ഓഫീസർ ആയി നിയമിച്ചിട്ടുള്ളതാണ്. മേൽപറഞ്ഞിട്ടുള്ള ഭൂമി ഏറ്റെടുക്കലിന്റെ വിദഗ്ദ്ധ സമിതി യോഗം, വിദഗ്ദ്ധ സമിതി ചെയർപേഴ്സണിന്റെ നേതൃത്വത്തിൽ 18/10/2021 തീയതിയിൽ നടത്തിയിട്ടുള്ളതാണ്. പ്രസ്തു റിപ്പോർട്ട് സമിതിയംഗങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള അഭിപ്രായങ്ങളും ശുപാർശകളും.



Scanned with CamScanner

(എൽ.എ(നം) ൽ പ്രൊജക്ട് കാക്കനാട് 18.11.2021

കൊച്ചി മെട്രോയുടെ ഭാഗമായി പേട്ട -തൃപ്പൂണിത്തുറ റോഡ് വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കുകയും, നിലവിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഉൾപ്പെടെ നിർമ്മാണം പുരോഗമിക്കുന്നതായി വിദഗ്ദ്ധ സമിതി, യോഗത്തിൽ അഭിപ്രായം വിലയിരുത്തുകയുണ്ടായി. ടി അധിക ഭൂമി എറ്റെടുക്കലിനെ സംബന്ധിച്ചുള്ള എല്ലാ രേഖകളും മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുള്ളതായി വിദഗ്ദ്ധ യോഗത്തിൽ ജനപ്രതിനിധികൾ അറിയിക്കുകയുണ്ടായി.

പ്രസ്തുത പദ്ധതി ഏറ്റെടുക്കുന്നതിന് ജനങ്ങൾക്ക് വിരോധമില്ലെന്നും ടി പദ്ധതി നടപ്പിലാക്കുന്നതിന് ജനങ്ങൾക്ക് സമ്മതമാണെന്നും ജനപ്രതിനിധികൾ അഭിപ്രായപ്പെടുകയും ജനപ്രതിനിധികൾക്ക് യോഗത്തിൽ ബോദ്ധ്യപ്പെടുകയും പ്രസ്തുത റിപ്പോർട്ടിൻ പ്രകാരം നിർദ്ദിഷ്ട പദ്ധതി ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിൽ സഹായകമാകും, R.F.C.T.L.A.R.R.Act 2013 വകുപ്പ് (2) ഉപവകുപ്പ് 10(1)ൽ നിഷ്കർഷിക്കുന്ന പ്രകാരം ടി പദ്ധതി ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്നും യോഗം അംഗീകരിച്ചു. R.F.C.T.L.A.R.R.Act 2013 ലെ 2.ാം പട്ടികയിലും 29.02.2017 റവന്യു (ബി) ഡിപ്പാർട്ട്മെന്റിൽ ജി.ഒ (എം.എസ്)448/2017 R.D ഉത്തരവ് പ്രകാരം നിഷ്കർഷിക്കുന്ന ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ അർഹരായ കുടുംബാംഗങ്ങൾക്ക് നൽകുന്നത് വഴി പദ്ധതിയുടെ പ്രത്യാഘാതം കുറവാക്കാവുന്നതുമാണെന്നും അപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളെ അപേക്ഷിച്ച് വളരെ വലുതാണെന്നും വിദഗ്ദ്ധസമിതി അഭിപ്രായപ്പെട്ടു. പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളേക്കാൾ വലുതാണെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ്.

ഇത് സംബന്ധിച്ച് 10/2021 ൽ ഉച്ചയ്ക്ക് 3.30 മണിക്ക് വിദഗ്ദ്ധസമിതി ചെയർപേഴ്സണിന്റെ നേതൃത്വത്തിൽ നടത്തിയ വിദഗ്ദ്ധസമിതി യോഗത്തിൽ മേൽപറഞ്ഞ വസ്തുതകൾ വിശദമായി ചർച്ചചെയ്തിട്ടുള്ളതും, പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുന്നതിനും ഏകകണ്ഠേന യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ നടപടികൾക്ക് സാധൂകരണം ലഭിക്കുന്നതിനായി ജില്ലാകളക്ടർ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

കാക്കനാട്

സവിത ഷേണായി

വിദഗ്ദ്ധസമിതി ചെയർപേഴ്സൺ.



Scanned with CamScanner